# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ:984.

**30-09-2016 ൽ മറുപടിയ്ക്ക്**

## അരിയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത

**ചോദ്യം**
ശ്രീ.കെ.വി.വിജയദാസ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അരിയുടെ ഉത്പാദനത്തിൽ കേരളത്തെ സ്വയം പര്യാപ്തതമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കരനെൽകൃഷി ഈ വർഷം 2600 ഹെക്ടർ ആയി വ്യാപിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനുപുറമേ കൃഷിയോഗ്യമായ തരിശ് ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>റാണികായൽ, മെത്രാൻ കായൽ, ആറന്മുള കായൽ എന്നിവിടങ്ങളിലെ നെൽകൃഷി, ഇതിനും പുറമേ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖാന്തിരവും നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>അരിയുടെ ഉൽപ്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഈ സർക്കാർ നെൽകൃഷിയുടെ വിസ്തീർണ്ണം, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കാനുതകുന്ന ചുവടെ ചേർക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നുണ്ട്.<br>1. സുസ്ഥിര നെൽകൃഷി വികസനം<br>2. വികസന ഏജൻസികൾക്കുള്ള ഫണ്ട്<br>3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം |

| | | | |
|---|---|---|---|
| | | | 4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി.<br>5. കരനെൽകൃഷി വികസനം<br>6. നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ)<br>7. കാർഷിക സൌജന്യ വൈദ്യുതി പദ്ധതി.<br>8. ദേശീയഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം.)<br>2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക്, സംസ്ഥാനത്ത് തന്നെ ഉൽപ്പാദിച്ച അരി നൽകുക എന്ന ലക്ഷ്യത്തോടെ ഒരോ ജില്ലയിലും നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ വീതം തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, സർക്കാരിതര സംഘടനകൾ, പഞ്ചായത്തുകൾ, അസോസിയേഷനുകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽകൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും, വാണിജ്യപരമായും വീട്ടുകളോടനുബന്ധിച്ചും നഗരങ്ങളിലും നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും അതുവഴി അധികോൽപ്പാദനം സാധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.<br>നെൽകൃഷി മേഖലയിൽ പുതിയ ഉണർവ്വ് സൃഷ്ടിച്ച് ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ച അരി ഉപയോഗിക്കുന്നതിന് ഊന്നൽ നൽകികൊണ്ട് അനുബന്ധമേഖലകളെ പ്രോൽസാഹിപ്പിക്കുന്നതിന് 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽവർഷമായി ആചരിക്കുവാൻ സർക്കാർ ഉത്തരവ് നമ്പർ 124/2016/കൃഷി തീയതി-11/08/2016 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | എത്ര നാളുകൾക്കുള്ളിൽ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്; വിശദ വിവരം നൽകുമോ? | (ബി) | കേരളത്തിലെ ജനസംഖ്യ കണക്ക് പ്രകാരം ഏകദേശം 40 ലക്ഷം മെ.ടൺ അരി സംസ്ഥാനത്ത് ആവശ്യമായുണ്ട്. എന്നാൽ ആഭ്യന്തര ഉൽപ്പാദനം 20 ശതമാനത്തിൽ താഴെയാണ്. സംസ്ഥാനത്ത് അരി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കൃഷിവകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ |

| | | | |
|---|---|---|---|
| | | | പൂർണ്ണമായും സംസ്ഥാനത്തെ സ്വയം പര്യാപ്തതയിലേക്കെത്തിക്കുക എന്നത് വളരെ ബുദ്ധിമുട്ടേറിയ കാര്യമാണ്. |

സെക്ഷൻ ഓഫീസർ